(ബി) പെൻഷൻ അനുവദിക്കുന്നതിന്റെ മറ്റ് മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ ;

(സി) സർവ്വീസിൽ നിന്നും സ്വയം പിരിഞ്ഞു പോയവർക്കു കൂടി പെൻഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) സർക്കാർ ജീവനക്കാരുടെ പെൻഷന് ആവശ്യമായ സർവ്വീസ് ദൈർഘ്യം പുതുക്കിയ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പുനർനിർണ്ണയം നടത്തുമോ?

ഉത്തരം

(എ) മുഖ്യമന്ത്രി, മന്ത്രിമാർ, ചീഫ് വിപ്പ് മുതലായവരുടെ പേഴ്സണൽ സ്റ്റാഫിൽ പുറമേനിന്നും നിയമിച്ച് പിരിയുന്നവർക്കുള്ള പെൻഷൻ അനുവദിക്കുന്നതിനുള്ള കുറഞ്ഞ കാലാവധി 3 വർഷവും പരമാവധി കാലാവധി 30 വർഷവുമാണ്.

(ബി) സർക്കാർ സർവ്വീസിലോ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളിലോ മറ്റു പൊതു മേഖലാ സ്ഥാപനങ്ങളിലോ ഇപ്പോൾ ജോലി ചെയ്യാത്തവർക്കു മാത്രമേ പെൻഷൻ നൽകാൻ വ്യവസ്ഥയുള്ളൂ. കൂടാതെ പേഴ്സണൽ സ്റ്റാഫ് സർവ്വീസിൽ നിന്നും സ്വമേധയാ പിരിഞ്ഞവർക്കും പിരിച്ചുവിടപ്പെട്ടവർക്കും പെൻഷന് അർഹതയില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിലേക്ക് പ്രൊമോഷൻ

5 (3193) ശ്രീ. എ. കെ. മണി : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ ജോലിചെയ്തുവരുന്ന ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിലേക്ക് പ്രൊമോഷൻ ലഭിക്കുന്നതിന് നിലവിലുള്ള അഞ്ചു ശതമാനം 10 ശതമാനമായി ഉയർത്തിക്കൊണ്ടുള്ള കഴിഞ്ഞ ശമ്പള പരിഷ്കരണ കമ്മിറ്റി ശുപാർശ അനുസരിച്ച് സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ;

(ബി) ഇപ്പോൾ നിലവിലുള്ള ക്ലാർക്കുമാരുടെ റാങ്ക്ലിസ്റ്റിൽ നിന്നും ശമ്പള കമ്മിറ്റി ശുപാർശ ചെയ്ത പ്രകാരം ക്ലാസ് 4 ജീവനക്കാരെ നിയമിക്കുന്നുണ്ടോ ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & സി) നിലവിലുള്ള അഞ്ച് ശതമാനം പത്തുശതമാനമായി ഉയർത്തണമെന്ന 1997-ലെ പേറിവിഷൻ കമ്മിറ്റിയുടെ ശുപാർശ പി. എസ്. സി.യുമായി ആലോചിച്ചു പരിശോധിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly